(ഡി) ടോൺഡ് പാൽ 12 രൂപ 99 പൈസയ്ക്കാണ് മിൽമ ഫുഡ്സിന് മേഖലാ യൂണിയനുകൾ നൽകുന്നത്. പ്രസ്തുത പാൽ 14 രൂപയ്ക്ക് വിൽക്കുമ്പോൾ 56 പൈസ ഏജൻസി കമ്മീഷനും 45 പൈസ മിൽമാ ഫുഡ്സ് ലിമിറ്റഡിന്റെ മാർജിനും ആണ്.

(ഇ) മലബാർ, തിരുവനന്തപുരം മേഖലാ യൂണിയനുകൾക്ക് സംയുക്ത സംരംഭ കമ്പനി കാരണം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രതിമാസം നഷ്ടം മലബാർ മേഖലാ യൂണിയന് 8 ലക്ഷം രൂപയും, തിരുവനന്തപുരം മേഖലാ യൂണിയന് 10 ലക്ഷം രൂപയുമാണ്. എറണാകുളം മേഖലാ യൂണിയൻ നേരത്തെ മുതൽതന്നെ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയും, 2001 മുതൽ സംസ്ഥാന കേന്ദ്ര സർക്കാർ സംയുക്തമായി അനുവദിച്ച 413.2 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള റീഹാബിലിറ്റേഷൻ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. പാൽ, പാൽപ്പൊടി മുതലായ അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഉണ്ടായ വർദ്ധന, ജീവനക്കാരുടെ വേതന വർദ്ധനവ്, വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധന മുതലായവയെല്ലാം മേഖലാ യൂണിയനുകൾക്കുണ്ടായ നഷ്ടത്തിന് കാരണമാണ്.

കോഴിമുട്ടയുടെ ഗുണമേന്മയും ഉപഭോഗവും

93 [422] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. സി. ജോസഫ്:
" എഴുകോൺ നാരായണൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര കോഴിമുട്ടയുടെ ആവശ്യമാണുള്ളത്;

(ബി) അതിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്നതെത്ര; ബാക്കിമുട്ട എവിടെ നിന്നെല്ലാമാണ് സംസ്ഥാനത്തെത്തുന്നത്; ഇപ്രകാരം എത്തുന്ന മുട്ടയുടെ ഗുണ മേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളുണ്ട്;

(സി) പുറത്തുനിന്നെത്തുന്ന മുട്ടകൾ കാലപ്പഴക്കം കൊണ്ടും പൊട്ടുന്നതു കൊണ്ടും ഉപയോഗശൂന്യമായവയാണ് എന്ന ആരോപണങ്ങളുണ്ടായിട്ടുണ്ടോ;

(ഡി) ഗുണമേന്മയില്ലാത്ത മുട്ടനശിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം 133.5 ലക്ഷം മുട്ടയുടെ ആവശ്യകത കണക്കാക്കിയിരിക്കുന്നു.

(ബി) സംസ്ഥാനത്ത് പ്രതിദിനം 34.18 ലക്ഷം മുട്ട ഉൽപ്പാദിപ്പിക്കപ്പെടുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് മുട്ട ഇറക്കുമതി ചെയ്യുന്നത്. ഇപ്രകാരം എത്തുന്ന മുട്ടയുടെ ഗുണമേന്മ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തേക്ക് വരുന്ന കോഴിമുട്ട അസുഖം ബാധിച്ച കോഴികളുടേതല്ല എന്നുറപ്പുവരുത്തുവാൻ അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള ചെക്ക്പോസ്റ്റുകളിൽ മുട്ട കടത്തുന്നതിന് അധികാരപത്രം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഗുണമേന്മ പരിശോധിക്കുകയും ഗുണമേന്മയില്ലാത്ത മുട്ടകൾ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കാർഷിക സർവ്വകലാശാലയുടെ ഉൽപ്പാദന വർദ്ധന വിത്തുകൾ

94 [424] ശ്രീ. എം. പി. ഗംഗാധരൻ:
„ കെ. സി. വേണുഗോപാൽ:
„ സി. പി. മുഹമ്മദ്:
„ എം. മുരളി:
„ ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാല എന്തെല്ലാം വിധത്തിലുള്ള ഉൽപ്പാദന വർദ്ധന വിത്തുകൾ പുറത്തിറക്കിയിട്ടുണ്ട്;

(ബി) ഇവയ്ക്ക് മറ്റ് വിത്തുകളേക്കാൾ എത്ര ശതമാനം കൂടുതൽ ഉൽപ്പാദനം നൽകുവാൻ കഴിയുന്നുണ്ട്;

(സി) ഇത്തരം അധിക ഉൽപ്പാദന വിത്തുകൾ ആവശ്യാനുസരണം ഉൽപ്പാദിപ്പിക്കുവാൻ കാർഷിക സർവ്വകലാശാലയ്ക്ക് കഴിയുന്നുണ്ടോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാല നെല്ല്, പച്ചക്കറി, തെങ്ങ്, കശുമാവ്, കൊക്കോ, സുഗന്ധ വ്യഞ്ജനങ്ങൾ, എണ്ണക്കുരുക്കൾ, പയർ വർഗ്ഗങ്ങൾ, കരിമ്പ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മരുന്നുചെടികൾ, തീറ്റപ്പുല്ല് തുടങ്ങിയ വിവിധ വിളകളിലായി അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ പുറത്തിറക്കിയിട്ടുണ്ട്.

(ബി) സാധാരണ ഇനങ്ങളെ അപേക്ഷിച്ച് ഇവയ്ക്ക് വിളയുടെ വ്യത്യാസമനുസരിച്ച് 25 മുതൽ 100 ശതമാനം വരെ ഉൽപ്പാദന വർദ്ധനവിന് കഴിവുള്ളവയാണ്.

(സി) സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly